# OMLPS UPPUTHARA

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക ,മാനസിക വളർച്ചയ്ക്ക് സായകമാവുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ കൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. നമ്മുടെ വിദ്യാലയത്തെ മികവിന്റെ മാതൃകയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്ന് ഉറപ്പാണ്.

എല്ലാ പദ്ധതികളെയും ഉത്സാഹത്തോടെയും ആത്മാർഥതയോടെയും ഏറ്റെടുക്കുന്ന ഒ.എം.എൽ.പി.സ്കൂൾ ഉപ്പുതറയുടെ സജീവമായ പി.ടി.എ, എം.പി.ടി.എ, എസ് ആർ ജി, രക്ഷിതാക്കൾ , പൊതു സമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ അധ്യായന വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്പാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# ഒ.എം.എൽ.പി.എസ്....
# ചരിത്രവഴിയിലൂടെ.....

പള്ളിയോടനുബന്ധിച്ച് ഒരു പള്ളിക്കൂടം നമ്മുടെ കേരളത്തിലെ സർവ്വസാധാരണമായ കാഴ്ചയാണ്. ഉപ്പുതറയും ഇതിനൊരു അപവാദമല്ല.ഇവിടുത്തെ കത്തോലിക്ക പള്ളിയോട് അനുബന്ധിച്ചു തന്നെയാണ് ഈ പ്രദേശത്ത് വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടായത്. വർഷങ്ങൾക്കുമുൻപ് ഘോര വനമായിരുന്ന ഹൈറേഞ്ചിലെ ആദ്യകുടിയേറ്റ പ്രദേശമായിരുന്നു ഉപ്പുതറ. ഇതിനെ പൊന്നു വിളയുന്ന കൃഷിഭൂമിയാക്കി മാറ്റുവാൻ ആദ്യകുടിയേറ്റക്കാർ വളരെയേറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവന്നു. എന്നാൽ, ഇവിടെ ഏറ്റവും വേദനാജനകമായിരുന്നത് തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ഇല്ല എന്ന ചിന്തയായിരുന്നു. അവരുടെ പ്രയാസത്തിനുള്ള ശാശ്വത പരിഹാരമായിരുന്നു ഉപ്പുതറ എൽ പി സ്കൂൾ.

1926ൽ സി.എം.എസ് ഉപദേശി ഇവിടെ ഒരു കളരി നടത്തിയിരുന്നു.എന്നാൽ അത് ഇവിടുത്തെ ആളുകളുടെ ആവശ്യത്തിന് പര്യാപ്തമായിരുന്നില്ല.1928ൽ കടുകമ്മാക്കൽ അവിരാച്ചേട്ടൻ രാമപുരത്ത് നിന്നും രാമകൃഷ്ണ പണിക്കർ എന്നൊരു അധ്യാപകനെ ഇവിടെ കൊണ്ടുവന്നു. ഒരു താൽക്കാലിക ഷെഡ്ഡിൽ പത്തും പതിനാലും വയസ്സായ കുട്ടികളെ ചേർത്ത് അദ്ദേഹം ക്ലാസുകൾ ആരംഭിച്ചു. ഹൈറേഞ്ചിലെ ആദ്യത്തെ പ്രൈമറി വിദ്യാലയം അങ്ങനെയാണ് ഉടലെടുത്തത്. അന്നത്തെ സ്കൂൾ മാനേജർ ശ്രീ.കാണക്കാലിൽ ഔസേപ്പ് തൊമ്മനായിരുന്നു.

ഈ സരസ്വതീ മന്ദിരം അതിന്റെ സ്വാഭാവിക പുരോഗതിയിലേക്ക് നീങ്ങിയത് 1932ലാണ്. കാര്യശേഷിയും അർപ്പണ മനോഭാവവും കൈമുതലായിരുന്ന ശ്രീ പി.കെ. മാത്യൂ സാർ ഈ വിദ്യാലയത്തിന്റെ ആദ്യ ഹെഡ്മാസ്റ്റർ ആയി ചുമതലയേറ്റു. അക്കാലത്ത് ഉപ്പുതറ സന്ദർശിച്ച സി.എസ്.ഐ ബിഷപ്പ് മൂർ ആണ് മാത്യൂ സാറിനെ ഇവിടെ കൊണ്ടുവന്നത്.

ചാണകം മെഴുകിയ തറയും പുല്ലുമേഞ്ഞ മേൽക്കൂരയും ഉള്ള ഒരു കെട്ടിടം ആയിരുന്നു അന്നത്തെ സ്കൂൾ. ഇതിന്റെ അറ്റകുറ്റപ്പണികൾ അധ്യാപകരും രക്ഷകർത്താക്കളും ചേർന്ന് നടത്തിയിരുന്നു. അധ്യാപകന് കിട്ടിയിരുന്ന തുച്ഛമായ വരുമാനത്തിന് പുറമേ ഉദാരമതികളായ രക്ഷകർത്താക്കൾ പണമായും സാധനങ്ങളായും നൽകിയിരുന്ന സംഭാവനകൾ കൊണ്ടാണ് ആ ത്യാഗശീലൻ ജീവിതം കഴിച്ചുകൂട്ടിയത്. 30 വർഷത്തെ സേവനത്തിന് ശേഷം 1962 ൽ പി.കെ. മാത്യൂ സാർ പെൻഷൻ പറ്റി സ്കൂളിനോട് വിട പറഞ്ഞ. ഈ വിദ്യാലയത്തിനു വേണ്ടി ഇത്രയധികം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച അദ്ദേഹത്തെ കൃതജ്ഞതയോടെ സ്മരിക്കട്ടെ.

ഈ വിദ്യാലയത്തിന്റെ ആരംഭഘട്ടത്തിൽ ഈ നാട്ടിലെ ജനങ്ങളുടെ ആത്മീയ കാര്യങ്ങൾ നിർവഹിച്ചിരുന്നത് ബഹുമാനപ്പെട്ട ജോസഫ് ഓണംകുളത്ത് അച്ചനായിരുന്നു. 1934ൽ പൊതുജനാഭിലാഷ പ്രകാരം വിവിധ സമുദായങ്ങളുടെ പ്രാതിനിധ്യത്തോടുകൂടി സ്കൂൾ ബഹു. ഓണംകുളത്ത് അച്ചന്റെ മാനേജ്മെന്റിലേക്ക് ആക്കി. ഇത് സ്കൂളിന്റെ വളർച്ചയിലെ നിർണായക സംഭവമായിരുന്നു.

1935ൽ ശ്രീ. പി.എ.വർഗീസ് ഈ വിദ്യാലയത്തിലെ അധ്യാപകനായി നിയമിക്കപ്പെട്ടു. എല്ലാവരുടെയും ശ്രമഫലമായി 1943ൽ ഇത് പൂർണ്ണ പ്രൈമറി സ്കൂള് ആയി രൂപം പ്രാപിച്ചു.ഈ വിദ്യാലയത്തിൽ പഠിച്ച് ഉന്നത വിജയം കരസ്ഥമാക്കിയ ആദ്യ ബിരുദധാരികൾ ശ്രീ.കെ.എ.എബ്രഹാം കടുകന്മാക്കൽ ബി.എ.. പി.റ്റി.ഫ്രാൻസിസ് പാറപ്പുറത്ത് ബി.എ.... കെ.എം. ജോസഫ് കലയത്തിനൽ ബി.എ എന്നിവരാണ്.

പി.കെ.മാത്യു സാറിനുശേഷം ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തത് പി എ. വർഗീസാണ്. ഒ.എം.എൽ.പി.എസിന് ഒരു പുതിയ ഓഫീസ് മുറിയുണ്ടായത് ഇക്കാലത്താണ്. 42 വർഷത്തെ സേവനത്തിന് ശേഷം 1977 ശ്രീ.പി.എ.വർഗീസ് വിരമിച്ചു. 1977 ൽ ശ്രീ.സി.വി.ജോസഫ് ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തു. 1980 ൽ വിദ്യാലയം കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിലേക്ക് കൈമാറി. ബഹുമാനപ്പെട്ട ഓണംകുളത്തച്ചന്റെ സ്മരണാർത്ഥമാണ് ഈ വിദ്യാലയത്തിന് 1980 ഒ.എം.എൽ.പി.എസ് എന്ന പേര് നൽകിയത്. അതിനുമുൻപ് വരെ "മലയാളം പള്ളിക്കൂടം" എന്നാണ് അറിയപ്പെട്ടിരുന്നത് എന്നത് ശ്രദ്ധേയമാണ്.

ശ്രീ.സി.വി.ജോസഫ് 34 വർഷത്തെ സേവനത്തിന് ശേഷം 1983 ൽ വിരമിച്ചു. തുടർന്ന് സി.എസ്.സ്കറിയ, സി.എ റോസക്കുട്ടി, ശ്രീ. ഐ.വി.ജോൺ ,ശ്രീഎം. ജെ ജോസഫ്, ശ്രീമതി. മറിയാമ്മ ജോസഫ് എന്നിവരും പ്രധാനാധ്യാപകരായി സേവനം ചെയ്തു. ഫാദർ. നിക്കോളാസ് പള്ളിവാതുക്കൽ മാനേജർ ആയിരിക്കെ കമ്പ്യൂട്ടറിൽ ലാബ് നവീകരിച്ചു. ഫാ.ജോൺ വെട്ടുവയലിൽ, ഫാ.മാത്യു പനച്ചിയ്ക്കൽ, ഫാ.ആന്റണി കൊച്ചാങ്കൽ എന്നിവർ സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾ ഒത്തിരിയേറെ സഹകരിച്ചിട്ടുണ്ട്.

2013ൽ ഇവിടത്തെ അധ്യാപകനായിരുന്നു ശ്രീ. ജോർജ് എം.എം. ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. ഉടൻതന്നെ സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി. സ്കൂളിന്റെ മേൽക്കൂര പുതുക്കിപ്പണിതു. ഇതിന് റവ.ഫാ. നിക്കോളാസിന്റെ സഹകരണം ലഭിച്ചു. ശ്രീ ജോർജ്ജ് എ .എം ന്റെ ശ്രമഫലമായി കുഴൽകിണർ നിർമ്മിച്ചു. ഇതോടെ വർഷങ്ങളായി അനുഭവിച്ചു വന്നിരുന്ന ജല ദൗർലഭ്യതയ്ക്ക് ശാശ്വത പരിഹാരമായി. 2018 നിരന്തര ഇടപെടലിന്റെ ഫലമായി ആൺകുട്ടികൾക്കായി ടോയ്‌ലറ്റ് പണിയുന്നതിന് മാനേജ്മെന്റ് ധനസഹായം നൽകി. സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം ടൈൽസ് പാകി ഭംഗിയാക്കുന്നതിന് ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി, ജർമനിയിൽ മിഷനറിയായി സേവനം ചെയ്തുവരുന്ന ബഹുമാനപ്പെട്ട റവ.ഫാ.സോണി പ്ലാത്തോട്ടം ധനസഹായം നൽകി.

2015-16 കാഞ്ഞിരപ്പള്ളി രൂപതയിലെ മികച്ച സ്കൂളുകളിലൊന്നായി ഒ.എം.എൽ.പി.എസ് തെരഞ്ഞെടുക്കപ്പെട്ടു. 2016 - 2017 ൽ പീരുമേട് സബ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളായി മാറി.

2017-18 ൽ ശ്രീമതി.ലാലി ജോർജ് ഹെഡ്മിസ്ട്രസായി ചുമതലയേറ്റു. ഈ കാലഘട്ടത്തിൽ സ്കൂളിന് കൈവരി പിടിപ്പിക്കുകയും, ഓഫീസും സ്റ്റാഫ് റൂമും സീലിങ് നടത്തുകയും ശ്രീമതി ഇ എസ് ബിജിമോൻ എംഎൽഎ ഫണ്ട് ഉപയോഗിച്ച് പാചകപ്പുര നിർമിക്കുകയും ചെയ്തു. 2018-ൽ ശ്രീ.സാജു പോൾ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. ഒ.എം.എൽ.പറയോട് ചേർന്ന് പ്രീ-പ്രൈമറി ആരംഭിച്ചു. സ്കുളിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുകയും, പാചകപുരയും അടുത്തുള്ള രണ്ട് ക്ലാസ്സ് മുറികളിലും വയറിംഗ് നടത്തുകയും പാചകപുരയുടെ ഉദ്ഘാടനം നടത്തുകയും ചെയ്തു.

2019-20-ൽ ശ്രീമതി. സോളിക്കുട്ടി തോമസ് പ്രധാനാധ്യാപികയായി ചുമതലയേറ്റു. ഈ കാലഘട്ടത്തിൽ കൈറ്റിൽ നിന്ന് 5 ലാപ്ടോപുകളും, ഒരു പ്രോജക്ടറും സ്ക്രീനും ലഭിച്ചു.കോവിഡ് കാലത്ത് ക്ലാസ്സ് റൂമുകളിൽ ടൈൽ പാകി മനോഹരമാക്കുകയും, ഫാൻ ഘടിപ്പിക്കുകയും താഴ്വശത്തുള്ള ക്ലാസ്സുകളിൽ ആസ്ബറ്റോസ് ഷീറ്റ് മാറ്റി സീലിംങ് നടത്തുകയും ചെയ്തു.2020-21-ൽ സ്കൂൾ അതിർത്തിയിൽ വേലികെട്ടി അതിരു തിരിച്ചു. 2022-23 ൽ പെൺകുട്ടികൾക്കായി ടോയ്‌ലറ്റ് പണിതു. സ്കൂളിൽ അറ്റകുറ്റപണികൾ നടത്തുകയും ആൺക്കുട്ടികൾക്കായി ടോയ്‌ലറ്റ് പണിയുകയും ചെയ്തു.തുടർന്ന് കുട്ടികൾക്ക് കളിസ്ഥലത്തിനായി ഗ്രൗണ്ട് നിർമ്മിച്ചു. ജലദൗർലഭ്യം പരിഹരിക്കുന്നതിനായി ഒരു ലക്ഷം വെള്ളം ഉൾക്കൊള്ളുന്ന ടാങ്ക് നിർമ്മിച്ചു. ബഹുമാനപ്പെട്ട സോണി പ്ലാത്തോട്ടം അച്ചന്റെയും അഭ്യൂദയകാംഷികളുടെയും സഹായം ലഭിച്ചു. തുടർന്ന് CCTV സ്കൂൾ പരിസരങ്ങളിൽ ഘടിപ്പിച്ചു.

2024 ൽ ശ്രീമതി. പ്രീതി സെബാസ്റ്റ്യൻ പ്രധാനാധ്യാപികയായി ചുമതലയേറ്റു. ഈ കാലഘട്ടത്തിൽ പീരുമേട് ഉപജില്ലാതല സംസ്കൃതം അറബി കലോത്സവം ഒ.എം.എൽ.പി സ്കൂളിൽ വച്ച് നടത്തപ്പെട്ടു.ക്ലാസ്സ് റുമുകളിൽ സ്ക്രീനും സ്ഥാപിച്ചു. കോർപ്പറേറ്റ് മാനേജ്മെന്റിനെയും പൂർവ്വവിദ്യാർഥികളുടെ സഹായത്തോടെ കുട്ടികൾക്ക് സൗകര്യ പ്രദമായ രീതിയിൽ വാഷിംങ് ഏരിയ നിർമ്മിച്ചു. 2025-ൽ സ്കൂൾ മുറ്റം ഇൻറർലോക്ക് ചെയ്ത് മനോഹരമാക്കി.

99-ന്റെ നിറവിലായിരിക്കുന്ന ഹൈറേഞ്ചിന്റെ അക്ഷരമുത്തശ്ശിയായ ഒ.എം.എൽ.പി.യുടെ വളർച്ചയ്ക്ക് സഹായിച്ച അഭ്യൂദയകാംഷികൾക്കും, പൂർവ്വവിദ്യാർത്ഥികൾക്കും, പ്രധാനാധ്യാപകർ,, അദ്ധ്യാപകർ പി.ടി.എ.,എം.പി.ടി.എ, മാനേജ്മെന്റ്, രക്ഷിതാക്കൾ, നാട്ടുകാർ ഏവർക്കും നന്ദി........

# പൊതുലക്ഷ്യങ്ങൾ

• സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

• എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

• ഓരോ കുട്ടിയും ഓരോ പുസ്തകമാണ് എന്ന ചിന്ത മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കും.

• വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

• ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കാം. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉപ്പുവരുത്തും.

• 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻ നിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും

• കുട്ടികളിൽ വായന ശീലം വളർത്തുന്നതിനായി സ്കൂൾ ലൈബ്രറിയോടോപ്പം തന്നെ എല്ലാ ക്ലാസ്സ് മുറികളിലും വായനമൂല രൂപീകരിക്കും.

• ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ' ആക്ടീവായ 'വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

• ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക

• കുട്ടികളുടെ താല്പര്യമനുസരിച്ച് വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ.

• മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം എന്നിവ പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം. എന്നിവ കൃത്യമായി നടപ്പാക്കൽ.

• കൃഷി മികച്ച രീതിയിൽ പരിപാലിക്കൽ.

• ആരോഗ്യ കായിക ക്ലാസ്സുകൾ സജ്ജീകരിക്കൽ.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് - ഒ.എം.എൽ.പി.സ്കൂൾ ഉപ്പുതറ

(ഓണംകുളം മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ)

സ്കൂൾ സ്ഥാപന - 1926

മേൽവിലാസം - ഉപ്പുതറ, ഇടുക്കി

സ്കൂൾ കോഡ് - 30431

വിദ്യാഭ്യാസ ഉപജില്ല - പീരുമേട്

വിദ്യാഭ്യാസ ജില്ല - ഇടുക്കി

റവന്യൂ ജില്ല - ഇടുക്കി

ബി.ആർ.സി - പീരുമേട്

സി.ആർ.സി - ജി.യു.പി. എസ്. കരിന്തരുവി

ഗ്രാമപഞ്ചായത്ത് - ഉപ്പുതറ

ബ്ലോക്ക് പഞ്ചായത്ത് - കട്ടപ്പന

ജില്ലാ പഞ്ചായത്ത് - ഇടുക്കി

നിയമസഭാമണ്ഡലം - പീരുമേട്

താലൂക്ക് - പീരുമേട്

വില്ലേജ് - ഉപ്പുതറ

ഇ-മെയിൽ - omlpsupputhara@gmail.com

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• കലാ പഠനം, പ്രവൃത്തി പരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.<br>• കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പഠന പിന്തുണ പ്രവർത്തനങ്ങൾ.<br>• പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യക്തിഗത സപ്പോർട്ട്<br>• സർഗാത്മക വേദികൾ,ആശയപ്രകടന വേദികൾ,ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br>• പാഠ്യേതര പ്രവർത്തനങ്ങൾ,ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു<br>• വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം<br>• കാർഷിക പ്രവൃത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ<br>• ഹരിത വിദ്യാലയം<br>• വിശാലമായ മൈതാനം | • സ്ഥലപരിമിതി മൂലം ലാബ്, ലൈബ്രറി എന്നിവയുടെ അഭാവം<br>• വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്<br>• മത്സര പരീക്ഷകളിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്<br>• കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്.<br>• IED കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്<br>• |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- മികച്ച വായനാശീലം വളർത്തുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷ് സംസാരിക്കുവാനും കേൾക്കുവാനുമുള്ള അവസരം നൽകുക.
- ക്ലാസ്സ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- E - cube പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുക.

## പരിസര പഠനം

- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പരീക്ഷണ-നിരീക്ഷണങ്ങളിൽ ഏർപ്പെടുക.

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഗണിത ചിന്ത,വിശകലന ശേഷി, യുക്തിചിന്ത എന്നിവ കുട്ടികളിൽ വളർത്തുക.
- ഓരോ ക്ലാസ്സിലും കുട്ടി നേടേണ്ട ഗണിത ശേഷികൾ കൈവരിച്ചു എന്നുറപ്പാക്കുക.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതരവിഷയങ്ങളുടെ പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുക.
- കലാഭിരുചി വളർത്തുക
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

# മലയാളം

**പ്രവർത്തനം 1:** പുസ്തകം പരിചയപ്പെടൽ

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വായനയ്ക്കൊപ്പം കുട്ടികളിലെ സാഹിത്യ അഭിരുചി വളർത്തുക | •വായനാദിനത്തോടനുബന്ധിച്ച് പുസ്തകങ്ങൾ കുട്ടികൾ പരിചയപ്പെടുന്നതിന് ലൈബ്രറിയിൽ പുസ്തക പ്രദർശനം നടത്തുകയും പരിചയപ്പെട്ട പുസ്തകത്തിന്റെ ലഘു വിവരങ്ങൾ കുട്ടികൾ പറയുകയും എഴുതുകയും ചെയ്യുന്നു<br>•കുട്ടി കവിതകൾ ചിത്രരചനകൾ എന്നിവ നടത്തുന്നു | ആഴ്ചയിൽ ഒരു ദിവസം | ലൈബ്രേറിയൻ | സ്കൂൾ, പിടിഎ |

**പ്രവർത്തനം 2** എന്റെ ജന്മദിന പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ലൈബ്രറി സജ്ജീകരിക്കുന്നു പിറന്നാൾ പുസ്തക പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | | ക്ലാസ് ടീച്ചർ |

പ്രവർത്തനം 3 മേഖല ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ അർത്ഥപൂർണ്ണമായി വായിക്കുന്നു | ഉച്ചഭാഷിണിയിലൂടെ ദിവസം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 4 മേഖല: അക്ഷരക്കൂട്ടം( വായനാ മൂല)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| •മികച്ച വായനാശീലം വളർത്തുന്നു<br>•റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങൾ വായിക്കുന്നതിനായി ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാമൂല തയ്യാറാക്കുന്നു<br>ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 5 മേഖല ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം, ചിത്രരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കാനുള്ള കഴിവ് | •ക്ലാസിലെ മികച്ച പ്രവർത്തനങ്ങൾ മാഗസിനിലേക്ക് ഉൾപ്പെടുത്തുന്നു<br>•ചെറിയ കവിതകൾ ചിത്രങ്ങൾ എന്നിവ ചെറിയ ക്ലാസിലെ മാഗസിനിൽ ഉൾപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6 എന്റെ വായനക്കുറിപ്പ്

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നു | ഞാൻ വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് എഴുതുന്നു<br>ചെറിയ ക്ലാസ്സിൽ വായന കാർഡ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 7 കയ്യെഴുത്തു മാഗസിൻ, പ്രിന്റഡ് മാഗസിൻ

ഉപകരണം ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ രചനകളിലൂടെ വളർത്തിയെടുക്കുന്നു | ചുവർചിത്രം, മാഗസിൻ, തുടങ്ങിയവയിൽ നിന്ന് രചനകൾ പ്രസിദ്ധീകരിക്കൽ | ഓരോ മാസത്തെയും മാഗസിനിൽ നിന്ന് ശേഖരിച്ചവ വർഷത്തിൽ ഒന്ന് എന്ന രീതിയിൽ പ്രിന്റ് ചെയ്യുന്നു | വിദ്യാരംഗം ക്ലബ്ബ് | |

പ്രവർത്തനം 8 സർഗ്ഗവേള

ഉപകരണം: പ്രകടനവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ കഴിവുകളെയും അഭിരുചികളെയും വളർത്തിയെടുക്കുന്നു | കുട്ടികളുടെ കഴിവുകൾ കഥ, കവിത, അഭിനയം, സംഗീതം, പ്രസംഗം, എന്നീ രീതിയിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 9 പാട്ട് അരങ്ങ്

ഉപമേഖല : ഭാഷ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപ്രകടനം, ശബ്ദ വ്യത്യാസം, സംഗീതാത്മകത ഇടങ്ങിയ വൈവിധ്യമാർന്ന ഭാഷ ജ്ഞാനവും ആത്മവിശ്വാസവും വളർത്തുന്നു | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അവ അവതരിപ്പിക്കുന്നതിനുള്ള അവസരം. പാട്ടിന്റെ രാഗം താളം എന്നിവ മനസ്സിലാക്കുന്നതിനും സാധിക്കുന്നു | എല്ലാമാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 10 റീഡേഴ്സ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം അഭിനയം എന്നിവയിലൂടെ വ്യക്തിത്വവികാസം നൽകുന്നതിന് സഹായിക്കുന്നു | അഭിനയത്തിലൂടെ വായന നടത്താൻ സാധിക്കുന്നു, കഥയിലെ നായകന്മാർ അഭിനയ രീതി ശബ്ദ വ്യത്യാസം ഇടങ്ങിയവ മനസ്സിലാക്കുന്നു | എല്ലാ മാസവും | ക്ലാസ് അധ്യാപകൻ | |

| Sl no . | Activity | Aim | Activities | Time | Responsibility | Financial assistance |
|---|---|---|---|---|---|---|
| 1 | English assembly | To provide opportunities for expressions in English | Two days a week, the children themselves present all the assembly programs in English | June-march | Class teachers | |
| 2 | English campus | To eliminate the fear of handling English among children | Children speak only English on campus two days a week | June-march | Class teachers & hello english club | |
| 3 | English diary | To improve writing skill in English among children | Children write a diary in English about their experiences in school and at home. | June-march | Class teachers | |
| 4 | One day one word | Improve English vocabulary among learners | Gives one word and its meaning to every child and conducts test once month based in this and find out learner who learn most words. Congratulate them in assembly by giving gifts | June-march | Class teachers & hello English club | PTA |
| 5 | English bulletin | To provide opportunities for expressions in English | English bulletin is prepared every month based on any of the following topic.<br>June – environment<br>July - moon | June-march | Class teachers & hello english club | |

| | | | | | | |
|---|---|---|---|---|---|---|
| | | | August -Independence Day<br>September-Onam<br>October -Gandhiji<br>November- Kerala<br>December -Christmas<br>January - New year | | | |
| 6 | English radio | To provide opportunities for expressions in English | One day week, certain classes presents programmes on English radio during lunch break | July - march | Class teachers & hello english club | |
| 7 | English magazine | To improve writing skill in English among children | An English magazine competition is held in every term at the school. These English magazines includes children's writings in English. | July - march | Class teachers | |
| 8 | e-cube training | Utilize technical education opportunities for English language development. | Adopt various strategies with help of modern technologies to improve English language skills among learners<br>E.g. e cube English training activities | June- march | Class teachers | |
| 9 | Reading corner | To improve reading skill in English among children | Creating a reading corner with English books in every class | July - march | Class teachers | |

# ഗണിതം

പ്രവർത്തനം : 1

പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റുകളും പഠന നേട്ടങ്ങൾ ഉൾപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | |

പ്രവർത്തനം : 2

പേര് : ഗണിതലാബ് (ഗണിതമധുരം)

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-26 | സ്കൂൾ മാനേജ്മെന്റ് | |

പ്രവർത്തനം : 3

പേര് : ഗണിതമൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. ചാർട്ട്, കട്ടൗട്ട് കാർഡുകൾ തുടങ്ങിയവ | ജൂൺ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിതക്ലാസ് പി.ടി.എ.

ഉപമേഖല : സി.പി.ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

പേര് : ലളിത ഗണിതം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാന്ത്രികൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്ലബ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ [illegible]<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | [illegible]<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 8
പേര് : ഉല്ലാസ ഗണിതം
ഉപമേഖല : ഗണിത ചിന്ത

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (ക്വിസ്സ്, കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br>ഗണിത ക്ലബ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br>മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

പേര്. : ഗണിതോത്സവം

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| [illegible] | [illegible] | [illegible] | SRG<br>PTA | |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം<br><br>പ്രശ്നോത്തരി, പസിൽ, പാറ്റേൺ, ഗണിത ഉൽപ്പന്നങ്ങളുടെ പ്രദർശനം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | |

പ്രവർത്തനം 1 ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യ വളർത്തുക | പ്രകൃതി നടത്തം, നിരീക്ഷണം, തരംതിരിക്കൽ, | ജൂൺ മാർച്ച് 1 | ക്ലാസ് ടീച്ചർ , | |

പ്രവർത്തനം 2 ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക

| പേര് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മൂന്ന് നാല് ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിക്കുക. പരീക്ഷണങ്ങൾ നടത്തുക. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3 ഞാനും എന്റെ പരിസരവും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക് രഹിത ക്ലാസ് ആക്കുക, ക്ലാസ് ഹരിതാഭം ആക്കുക | ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br>വീട്ടിൽപൂന്തോട്ട നിർമ്മാണം.<br>ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക<br>മലിനീകരണ പ്രശ്നങ്ങൾ മനസ്സിലാക്കുക.<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ എടുക്കുക. | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 4 നല്ല ആരോഗ്യ ശീലം വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | നല്ല ശീലങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.<br>ശുചിത്വ മത്സരം.<br>വ്യക്തി | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ശുചിത്വവും ക്ലാസ്സ് റൂം ശുചിത്വവും പരിശോധിക്കുക.<br>പരിസര നടത്തം സംഘടിപ്പിക്കുന്നു. | | | |

പ്രവർത്തനം 5.

പേര്.. പൊതു സ്ഥാപനങ്ങൾ മനസ്സിലാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | ഫീൽഡ് ട്രിപ്പ്<br>ഡോക്യുമെന്ററി പ്രസന്റേഷൻ | ഡിസംബർ<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6.

പേര്_ സാമൂഹിക അവബോധം വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ദിനാചരണങ്ങൾ, ചർച്ചകൾ,ബോധവൽക്കരണ പരിപാടികൾ, അഭിമുഖങ്ങൾ, ഇവയിലൂടെ കൂടുതൽ അറിവുകൾ നേടുന്നതിന്. | ദിനാചരണങ്ങൾ നടത്തുന്നു.<br>പ്രാദേശികമായി ലഭ്യമായ ആളുകളെ ഉപയോഗിച്ച് അഭിമുഖം നടത്തുന്നു.<br>ക്ലാസ് തല ചർച്ചകൾ നടത്തുന്നു.<br>ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ്<br>മാർച്ച് | ക്ലാസ് ടീച്ചർ | |

# വിവരസാങ്കേതിക വിദ്യ

പ്രവർത്തനം 1: വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ഓരോ മാസവും | class tr, PSITC | |

പ്രവർത്തനം : 2 IT lab

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനുള്ള അവസരം | ICT പരിശീലന പരിപാടി | ആഗസ്റ്റ്, സെപ്റ്റംബർ | | |

# ഉച്ചഭക്ഷണം

പ്രവർത്തനം : 1 പച്ചക്കറി കൃഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറി ഉദ്യാനം | SMC, PTA, അധ്യാപകർ, പാചകത്തൊഴിലാളി എന്നിവരുടെ പങ്കാളിത്തത്തോടെ വിവിധങ്ങളായ പച്ചക്കറികളുടെ വിത്തുകളും തൈകളും നട്ടു. | മെയ് മുതൽ മാർച്ച് വരെ | PTA, SMC, അധ്യാപകർ, പാചകത്തൊഴിലാളി | |

പ്രവർത്തനം : 2 പച്ചക്കറി പരിപാലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറി ഉദ്യാനവും പരിപാലനവും | • മികച്ച പച്ചക്കറി കൃഷി പരിപാലനത്തിനായി നേച്ചർ ക്ലബ് രൂപീകരിക്കുന്നു.<br>• വിളവെടുപ്പ് | ജൂൺ മുതൽ മാർച്ച് വരെ | Nature club | |

പ്രവർത്തനം : 3 . പ്ലാസ്റ്റിക് മുക്ത വിദ്യാലയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക് സ്കൂൾ ക്യാമ്പസിൽ നിരോധിക്കുക | • ആഹാരം കഴിക്കുന്നതിന് പ്ലാസ്റ്റിക് പാത്രങ്ങൾ ഒഴിവാക്കി സ്റ്റീൽ പാത്രങ്ങൾ ശീലമാക്കുന്നു.<br>• ജന്മദിനത്തിൽ കുട്ടികളും അധ്യാപകരും മധുരം ഒഴിവാക്കി ആ തുക ബിരിയാണി ചലഞ്ച് ബോക്സിൽ നിക്ഷേപിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | class teachers | |

പ്രവർത്തനം : 4 Food Fest

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ നല്ല ആരോഗ്യ ശീലം വളർത്തുക. | • റാഗി ഉപയോഗിച്ചുള്ള വിവിധ ഭക്ഷണ പദാർത്ഥങ്ങളുടെ ഫുഡ് ഫെസ്റ്റ്<br>• നല്ല ആരോഗ്യ ശീലങ്ങൾ - ബോധവത്കരണ ക്ലാസ് (ഫാസ്റ്റ് ഫുഡിന്റെ ദോഷങ്ങളും homely Food -ന്റെ ഗുണങ്ങളും)<br>• ചെറുധാന്യങ്ങളുടെ ഫുഡ് ഫെസ്റ്റ്<br>• ഫുഡ് ഫെസ്റ്റ് ഫെസ്റ്റ് - അരിയാഹാരം | ആഗസ്റ്റ് - സെപ്റ്റംബർ<br>ഒക്ടോബർ-നവംബർ<br>ഡിസംബർ-ജനുവരി | സയൻസ് ക്ലബ്<br>സയൻസ് ക്ലബ് | |

പ്രവർത്തനം : 5 വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറികൾ കുട്ടികൾക്ക് ഉറപ്പു വരുത്തുക | • കുട്ടികൾ വീടുകളിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നു.<br>• മികച്ച കുട്ടികർഷകരെ കണ്ടെത്തി ആദരിക്കുന്നു. | ആഗസ്റ്റ് - മാർച്ച്<br>മാർച്ച് | രക്ഷിതാക്കൾ | |

## സർഗ വേദി

പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# പ്രവൃത്തി പരിചയം

പ്രവർത്തനം 1 പ്രവൃത്തിപരിചയ ശിൽപശാല

ഉപമേഖല: നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നിർമ്മാണം: വെജിറ്റബിൾ പ്രിന്റിംഗ്, പൂക്കൾ നിർമ്മാണം, ചന്ദനത്തിരി...... etc. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2 പേപ്പർ ബാഗ് നിർമ്മാണം

ഉപമേഖല: പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പേപ്പർ ബാഗ് നിർമ്മാണം | പേപ്പർ നിർമ്മാണ പരിശീലനം ക്ലാസ് തലത്തിൽ കുട്ടികൾക്ക് നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 3 ഒറിഗാമി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒറിഗാമി വസ്തുക്കൾ നിർമ്മിക്കുക. | ഇതരവിഷയങ്ങളുടെ പാഠവുമായി ബന്ധപ്പെട്ട് ക്ലാസ് തലത്തിൽ പരിശീലനം നൽകുന്നു | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ | |

# തനതു പ്രവർത്തനം

പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പോഷക സമൃദ്ധവും വിഷരഹിതവുമായ പച്ചക്കറികൾ നടുക. | പച്ചക്കറി വിത്തുകൾ നടുന്നു.<br><br>മത്തൻ, ചേന, ഇലക്കറികളായ ചീര, ചായ മൻസ എന്നിവയും നടുന്നു.<br><br>പച്ചക്കറി പരിപാലനം<br>കള പറിക്കൽ<br>വിളവെടുപ്പ് | മെയ്<br><br>ജൂൺ - മാർച്ച് | അദ്ധ്യാപകർ, PTA | |

പ്രവർത്തനം : 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായിച്ച് വളരാം | കടങ്കഥ, പഴഞ്ചൊല്ല് (class 1&2)<br>കവിത ഈണത്തിലും താളത്തിലും പാടുക(class 3&4)<br>വായിച്ച കവിതകൾ വായന കാർഡാക്കി മാറ്റുന്നു.<br>കടങ്കഥകൾ എഴുതുന്നു.<br>കഥ ചാർട്ട് ആകർഷകമായി പ്രദർശിപ്പിക്കുന്നു. | June, July<br><br>July - August<br><br>Sept-march | Class teachers | |

# മികവ് പ്രവർത്തനം

പ്രവർത്തനം:1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ vocabulary ഉം ഇംഗ്ലീഷിലുള്ള പ്രാവീണ്യവും മനസിലാക്കുക. | • പ്രീ ടെസ്റ്റ് | June | class teacher | |

പ്രവർത്തനം :2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ ഇംഗ്ലീഷ് കേട്ട് മനസിലാക്കുന്നതിനും വായിക്കുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുക. | • ഇംഗ്ലീഷിൽ നിർദേശങ്ങൾ നൽകുകയും ചെറിയ ഗെയിമുകളും പ്രവർത്തനങ്ങളും കുട്ടികൾക്ക് നൽകുന്നു.<br>• ആക്ഷൻ സോങ്<br>• സംഭാഷണം | ജൂൺ - ജൂലൈ | class teacher | |

പ്രവർത്തനം -3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കുട്ടികൾ ഇംഗ്ലീഷ് കേട്ട് മനസിലാക്കാനും വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക. | • ചെറിയ നാടകങ്ങളും കഥകളും നൽകുക.<br>• ഇംഗ്ലീഷ് വായനകാർഡ് നൽകി വായിക്കാൻ അവസരം നൽകുക.<br>• ICT സാധ്യത ഉപയോഗിച്ച് ഇംഗ്ലീഷിൽ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ നൽകുക.<br>• ഇ ക്യൂബ് ആക്ടിവിറ്റീസ്<br>• ഇംഗ്ലീഷ് ഡയറി | ആഗസ്റ്റ് - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം :4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ചെറിയ വാക്യങ്ങൾ രൂപീകരിക്കുക. | • പത്രവാർത്ത വായന<br>• ഇംഗ്ലീഷ് വാർത്ത കേട്ട് തലക്കെട്ട് എഴുതുക.<br>• ഒരു കുട്ടിയുടെ പേര് നറുക്കിട്ടെടുക്കുന്നു. അയാൾക്ക് letter എഴുതുന്നു, കൈമാറുന്നു, വായിക്കുന്നു.<br>• ക്ലാസ്സ് ലൈബ്രറി ബുക്ക് വായന<br>• മൂന്ന് മാസത്തിലൊന്ന് എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ ക്ലാസ്സ് മാഗസിൻ നിർമ്മാണം<br>• ചിത്രത്തെ ആസ്പദമാക്കി വിവരണം എഴുതുന്നു<br>• കഥ എഴുതുന്നതിനുള്ള പ്രവർത്തനം<br>• കുട്ടികൾ അവർ നടത്തുന്ന ദിനാചരണങ്ങളുടെ നോട്ടീസ് തയ്യാറാക്കി വിതരണം ചെയ്യുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ഒക്ടോബർ - മാർച്ച് | class teacher | |

പ്രവർത്തനം : 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കുട്ടികളുടെ vocabulary ഉം ഇംഗ്ലീഷിലുള്ള പ്രാവീണ്യവും വളർത്തുക. | • സ്കൂൾ radio<br>• ദിനാചരണങ്ങൾ ഇംഗ്ലീഷിൽ നടത്തുന്നു.<br>• തയ്യാറാക്കിയ ഉല്പന്നങ്ങൾ ഉൾപ്പെടുത്തി PTA യുടെ സഹകരണത്തോടെ ഇംഗ്ലീഷ് ഫെസ്റ്റ്.<br>• ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ്സനുസരിച്ച് ഇംഗ്ലീഷ് അസംബ്ലി<br>• സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ<br>• English campus | ജൂലൈ - മാർച്ച് | അദ്ധ്യാപകർ , PTA | |

# സ്കൂൾ സൗന്ദര്യവത്കരണം

പ്രവർത്തനം:1 സ്കൂൾ അങ്കണത്തിന്റെ ഇന്റർലോക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ അങ്കണം ഇന്റർലോക്ക് ചെയ്യുക | പൊടി മൂലമുള്ള അസ്വസ്ഥതകൾ മാറ്റുന്നതിന് സ്കൂൾ അങ്കണം ഇന്റർലോക്ക് ചെയ്യുന്നു. | മെയ് | സ്കൂൾ മാനേജ്മെന്റ്, PTA | സ്കൂൾ മാനേജ്മെന്റ് , PTA |

പ്രവർത്തനം : 2 പെയിന്റിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് റൂമുകൾ പെയിന്റ് ചെയ്ത് ഭംഗിയാക്കുന്നു. | കുട്ടികൾക്ക് ആരോഗ്യകരമായ വൃത്തിയുള്ള അന്തരീക്ഷം രൂപപ്പെടുത്തുന്നതിന് | മെയ് | സ്കൂൾ മാനേജ്മെന്റ്, PTA | സ്കൂൾ മാനേജ്മെന്റ്, PTA |

പ്രവർത്തനം - 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് പഠനസഹായകരമായ ചിത്രങ്ങൾ വരച്ച് ക്ലാസ് റൂമുകൾ മനോഹരമാക്കുന്നു. | പഠനസഹായകരമായ ചിത്രങ്ങളിലൂടെ പഠനം രസകരമാക്കുന്നതിന് ചിത്രങ്ങൾ വരച്ച് ക്ലാസ്സ് മുറികൾ ആകർഷകമാക്കുന്നു. | മെയ് -മാർച്ച് | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 4 ചെടികൾ നടുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭംഗിയുള്ള വിദ്യാലയം | •സ്കൂൾ മുറ്റത്ത് ഭംഗിയുള്ള ചെടികൾ നട്ടുപിടിപ്പിക്കുക . •പിറന്നാളിന് ഒരു | ജൂലൈ - മാർച്ച് | അദ്ധ്യാപകർ, കുട്ടികൾ | |

| | | | | |
|---|---|---|---|---|
| ഭവനം ശുചീകരിക്കുക. | [illegible] ഫ്രീ എന്ന പദ്ധതി. | | | |

## മാലിന്യമുക്ത വിദ്യാലയം

പ്രവർത്തനം : 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മഴക്കാല ശുചീകരണം | 1. സ്കൂൾ പരിസരം ശുചീകരിക്കൽ<br>2. കാട് വെട്ടൽ<br>3. ചെളി,പായൽ എന്നിവ ഉള്ള സ്ഥലങ്ങൾ വൃത്തിയാക്കൽ<br>4. ജലസംഭരണി വൃത്തിയാക്കൽ | മെയ് മാസം മുതൽ | SMC,PTA ,MPTA, ഹരിത കർമ്മ സേനയുടെ സഹായം | |

പ്രവർത്തനം : 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മഴക്കാല രോഗങ്ങൾ നിർമാർജ്ജനം. | 1. മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക.<br>2. സാംക്രമിക രോഗകാരികളെ ഒഴിവാക്കൽ. | ജൂൺമാസം മുതൽ | HM, സ്കൂൾ അധ്യാപകർ, PTA | |

പ്രവർത്തനം : 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യ സംസ്കരണം | • വിദ്യാലയത്തിലെ എല്ലാ കുട്ടികളും പേപ്പർ പ്ലാസ്റ്റിക്, ഗ്ലാസ് മറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ സ്കൂളിൽ കൊണ്ടു വരാതിരിക്കാൻ പരിശീലിപ്പിക്കുക.<br>•ഇവ നിർമാർജനം നടത്തുന്നതിന് ഹരിതകർമ്മസേനയുടെ സഹായം സ്വീകരിക്കണം.<br>• ജൈവ-അജൈവ വസ്തുക്കൾ വേർതിരിച്ച് സംസ്കരിക്കൽ .<br>• പ്ലാസ്റ്റിക് മുക്ത വിദ്യാലയം ബോധവത്കരണം | ജൂൺ - മാർച്ച് | അദ്ധ്യാപകർ,nature club | തദ്ദേശ സ്ഥാപനങ്ങളുടെ സഹായം |

# ലഹരിമുക്ത വിദ്യാലയം

പ്രവർത്തനം : 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരിക്കെതിരായി കൈകോർക്കൽ. | 1. ലഹരിക്കെതിരായ ഡോക്യുമെന്ററി പ്രദർശനം.<br>2. ബോധവൽക്കരണ ക്ലാസുകൾ. | ജൂൺ - ജൂലൈ മാസം | ജൂൺ-ജൂലൈ | |

പ്രവർത്തനം:2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ലഹരി വിമുക്ത വിദ്യാലയം, പരിസരം.<br>2. ലഹരി വിരുദ്ധ സമിതി രൂപീകരണം.<br><br>പ്രവർത്തനങ്ങൾ | 1.സ്കൂളിന് സമീപത്തുള്ള കടകൾ മറ്റ് വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ലഹരി വിൽപ്പന നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നു.<br>2. ലഹരിയുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രധാനപ്പെട്ട വിവരങ്ങൾ ലഭിക്കുവാണെങ്കിൽ ബന്ധപ്പെട്ട മേലധികാരികളെ അറിയിക്കുന്നു.<br>3. പ്രധാന അധ്യാപിക, അധ്യാപിക, PTA പ്രസിഡന്റ്,MPTA മെമ്പർ, വിദ്യാർത്ഥി പ്രതിനിധി എന്നിവർ ചേർന്ന് ലഹരിവിരുദ്ധ സമിതി രൂപീകരിക്കുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | HM, PTA, MPTA, വിദ്യാർത്ഥികൾ | |

പ്രവർത്തനം : 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ലഹരി വിരുദ്ധ പ്രവർത്തന ങ്ങളുടെ ഊന്നൽ. 2. സ്റ്റുഡൻസ് സ്ക്വാഡ് രൂപീകരണം. | 1. ലഹരിവിരുദ്ധ സ്റ്റിക്കറുകൾ ഗ്രൂപ്പുകളാക്കി നൽകുന്നു. 2. സ്കൂൾ ആഘോഷവേളകളിൽ അവതരണത്തിന് അവസരം. 3. പ്രമുഖ വ്യക്തികൾ, പോലീസ് എന്നിവരിൽ നിന്നും മാതാപിതാക്കൾക്ക് ലഹരിക്കെതിരായ ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നു. 4. ഓരോ ക്ലാസിലും സ്ക്വാഡ് നിയോഗിക്കുന്നു. അസ്വഭാവികമായി എന്തെങ്കിലും പ്രവർത്തനങ്ങൾ സ്കൂളിലോ സ്കൂൾ പരിസരത്തോ കാണുവാൻ ഇടയായാൽ പ്രധാന അധ്യാപികയെ രഹസ്യമായി അറിയിക്കുന്നു. ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ആ പ്രശ്നം രഹസ്യമായി പരിഹരിക്കുന്നു. | ജൂൺ - മാർച്ച് | HM, PTA, MPTA, ലഹരി വിരുദ്ധ സമിതി, കുട്ടികൾ | |

# ഉപസംഹാരം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയ മായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളു രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം നേടാൻ ഈ മാസ്റ്റർപ്ലാൻ ഉപകരിക്കും. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കുംആജീവനന്ത പഠനവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.